LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം

13 [496] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ഏപ്രിൽ മുതൽ കഴിഞ്ഞ ഓരോ വർഷവും സംസ്ഥാനത്ത് പൊതുമേഖലയിലും, സ്വകാര്യ മേഖലയിലും ഉണ്ടായിരുന്ന തൊഴിൽ നഷ്ടപ്പെട്ടവരെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ;

(ബി) സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ഈ കാലയളവിൽ ആകെ എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി;

(സി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ട എത്ര പേരെ സർക്കാരിന്റെ സഹായ പദ്ധതിയിലൂടെ സഹായിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഒരു വർഷത്തിലധികമായി പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലേയും എസ്റ്റേറ്റുകളിലേയും തൊഴിലാളികൾക്ക് 1,000 രൂപാ വീതം 2001-ലെ ഓണക്കാലത്ത് 6355 തൊഴിലാളികൾക്കും 2002-ലെ ഓണക്കാലത്ത് 8066 തൊഴിലാളികൾക്കും സാമ്പത്തിക സഹായമായി വിതരണം ചെയ്തിട്ടുണ്ട്.

2003 വർഷത്തിൽ പൂട്ടിക്കിടക്കുന്ന എസ്റ്റേറ്റുകളിലെ സൗജന്യ റേഷൻ പറ്റുന്ന 9879 തൊഴിലാളികൾക്ക് 500 രൂപ വീതവും കയർ സ്ഥാപനങ്ങൾ/ സൊസൈറ്റികൾ എന്നിവയിലെ 6564 തൊഴിലാളികൾക്ക് 200 രൂപ വീതവും സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങളിലെ 7468 തൊഴിലാളികൾക്ക് 1,000 രൂപ വീതവും എക്സ്ഗ്രേഷ്യ സാമ്പത്തിക സഹായം വിതരണം ചെയ്തിട്ടുണ്ട്. 2004-ൽ എക്സ്ഗ്രേഷ്യ സാമ്പത്തിക സഹായമായി 1,38,52,214 രൂപ വിതരണം ചെയ്തിരുന്നു. തൊഴിലാളികളുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിൽ 2001, 2002, 2003, 2004 വർഷങ്ങളിൽ യഥാക്രമം 4349, 6188, 11768, 16025 തൊഴിലാളികൾക്ക് 200 രൂപാ വീതം സാമ്പത്തിക സഹായം വിതരണം ചെയ്തിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ഫണ്ട് ലഭ്യമാക്കി സൗജന്യ റേഷൻ നൽകിവരുന്നു. ഈ സഹായം ലഭിക്കുന്ന തൊഴിലാളികളുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.